ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE : 25.03.2025 TIME : 12.50 PM

## പ്രധാന വാർത്തകൾ

1). പാർലമെൻറിൽ നടപടികൾ പുരോഗമിക്കുന്നു. വിവിധ സംസ്ഥാനങ്ങൾക്കുള്ള തൊഴിലുറപ്പ് പദ്ധതി കുടിശ്ശികയെ ചൊല്ലി പാർലമെൻറിൽ പ്രതിപക്ഷ പ്രതിഷേധം.
Parliament proceedings underway: Opposition protests in Parliament over MGNREGA arrears for various states.

2). തദ്ദേശീയ പ്രതിരോധ ഉൽപ്പാദനത്തിൽ രാജ്യം ഉയർന്ന വളർച്ച കൈവരിച്ചതായി പ്രതിരോധ മന്ത്രാലയം.
Defense Ministry reports significant growth in indigenous defense production.

3). ഭീകരവാദത്തെ ന്യായീകരിക്കുന്നത് പാകിസ്ഥാൻ അവസാനിപ്പിക്കണമെന്ന് യു എൻ സുരക്ഷാ സമിതിയിൽ ഇന്ത്യ.
India calls for Pakistan to end justifying terrorism at the UN Security Council.

4). ഐക്യത്തിലൂടെ മാത്രമേ വികസിത ഭാരതം സാധ്യമാകൂ എന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.
Governor Rajendra Vishwanath Arlekar says a developed India is only possible through unity.

5). കേരളത്തിൽ അണക്കെട്ടുകളുടെ സമീപത്തുള്ള വീടുകൾക്ക് പെർമിറ്റ് നൽകുന്നതിനുള്ള മുൻ ഉത്തരവ് പിൻവലിച്ചതായി മന്ത്രി റോഷി അഗസ്റ്റിൻ.
Minister Roshy Augustine announces withdrawal of earlier order permitting houses near dams in Kerala.

6). ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് – പഞ്ചാബ് കിംഗ്സ് പോരാട്ടം.
Gujarat Titans to lock horn with Punjab Kings in IPL Cricket Today.

==================================================================

## PARLIAMENT

പാർലമെൻറിൻറെ ഇരുസഭകളിലും നടപടികൾ പുരോഗമിക്കുന്നു. തമിഴ്നാട് ഉൾപ്പടെ ചില സംസ്ഥാനങ്ങൾക്ക് നൽകാനുള്ള മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കുടിശ്ശികയെച്ചൊല്ലി ലോക്സഭയിൽ പ്രതിപക്ഷം പ്രതിഷേധിച്ചു. തുടർന്ന് 12 മണി വരെ നിർത്തിവച്ച ലോക്സഭ നടപടികൾ പുനരരാംഭിച്ചു. ഒരു സംസ്ഥാനത്തോടും സർക്കാർ യാതൊരു വേർതിരിവും കാണിച്ചിട്ടില്ലെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിങ് ചൗഹാൻ പറഞ്ഞു. കർഷക പ്രശ്നങ്ങൾ സംബന്ധിച്ച ചോദ്യങ്ങൾക്ക് മറുപടി പറയുകയായിരുന്നു അദ്ദേഹം.

=======================================================

## DEFENCE PRODUCTION

തദ്ദേശീയ പ്രതിരോധ ഉൽപ്പാദനത്തിൽ രാജ്യം ഉയർന്ന വളർച്ച കൈവരിച്ചതായി പ്രതിരോധ മന്ത്രാലയം. 2023-24 വർഷത്തിൽ <u>ഒരു ലക്ഷത്തി 27 ആയിരം കോടി</u> രൂപയുടെ ഉൽപ്പാദനമാണ് ഉണ്ടായത്. 2014-15 ലെ <u>46 ആയിരത്തി 429 കോടി</u> രൂപയിൽ നിന്നും പ്രതിരോധ ഉൽപ്പാദനത്തിൽ 174 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. "മെയ്ക്ക് ഇൻ ഇന്ത്യ" സംരംഭം ആരംഭിച്ചതിനുശേഷം ആഭ്യന്തര പ്രതിരോധ ഉൽപാദനത്തിലെ ഏറ്റവും ഉയർന്ന വളർച്ചയാണിത്.

=======================================================

## JITHENDRA SINGH X

ക്ഷയരോഗത്തിന് കാരണമാകുന്ന അണുവിൻറെ പതിനായിരം ഐസൊലേറ്റുകളുടെ ജീനോം സീക്വൻസിംഗ് പൂർത്തിയായതായി കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ്. ജീനോമിക്സും നിർമ്മിതബുദ്ധിയും ഉപയോഗിച്ച് ക്ഷയരോഗ ചികിത്സ നടപ്പിലാക്കുകയാണ് ലക്ഷ്യമിടുന്നതെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

=======================================================

## JPC MEETING

ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് സംബന്ധിച്ച സംയുക്ത പാർലമെൻററി സമിതി ഇന്ന് ന്യൂഡൽഹിയിൽ യോഗം ചേരും. ഡൽഹി ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് ഡി.എൻ പട്ടേൽ,അറ്റോർണി ജനറൽ ആർ വെങ്കടരാമണി എന്നിവരുമായി സമിതി കൂടിക്കാഴ്ച നടത്തും.

==========================================================

## REV:CHHATTISGARH– MAOISTS

ഛത്തീസ്ഗഢിലെ ദണ്ഡെവാഡ ജില്ലയിൽ സുരക്ഷാ സേനയുമായി ഉണ്ടായ ഏറ്റുമുട്ടലിൽ മൂന്ന് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. ബിജാപൂർ- ദണ്ഡെവാഡ ജില്ല അതിർത്തിയിൽ നടന്ന സംയുക്ത നക്സൽ വിരുദ്ധ ഓപ്പറേഷൻറെ ഭാഗമായി നടത്തിയ തിരച്ചിലിനിടെ മാവോയിസ്റ്റുകൾ വെടിയുതിർക്കുക യായിരുന്നു. ഇവരിൽ നിന്ന് ആയുധങ്ങളും കണ്ടെടുത്തിട്ടുണ്ട്.

==========================================================

## India at UN – (INTRO)

ജമ്മു കശ്മീർ എല്ലായ്പ്പോഴും ഇന്ത്യയുടെ അവിഭാജ്യ ഘടകമായി തുടരുമെന്ന് ആവർത്തിച്ച് ഇന്ത്യ. യു എൻ സുരക്ഷാ സമിതിയിൽ കശ്മീർ പ്രശ്നം ഉന്നയിക്കാനുള്ള പാകിസ്ഥാൻറെ ആവർത്തിച്ചുള്ള ശ്രമങ്ങൾക്ക് മറുപടി നൽകുകയായിരുന്നു ഇന്ത്യ. ഭീകരവാദത്തെ ന്യായീകരിക്കുന്നത് പാകിസ്ഥാൻ അവസാനിപ്പിക്കണമെന്നും ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി. ഹരീഷ് ആവശ്യപ്പെട്ടു.

(VOICE....................)

==========================================================

## DELHI BUDGET

ഈ സാമ്പത്തിക വർഷത്തെ ഡൽഹി നിയമസഭാ ബജറ്റ് മുഖ്യമന്ത്രിയും ധനകാര്യ വകുപ്പിൻറെ ചുമതലയുമുള്ള രേഖാഗുപ്ത അവതരിപ്പിക്കുന്നു. ഒരു ലക്ഷം കോടി രൂപയുടെ

ബജറ്റാണ് അവതരിപ്പിക്കുന്നതെന്ന് ശ്രീമതി ഗുപ്ത അറിയിച്ചു. നാളെ ചർച്ചകൾക്ക് ശേഷം ബജറ്റ് പാസാക്കും.

==========================================================

**KURIAN–MINORITIES CONFERENCE**

ന്യൂഡൽഹിയിൽ നടന്ന ന്യൂനപക്ഷ കമ്മീഷൻ കോൺഫറൻസ് കേന്ദ്ര ന്യൂനപക്ഷ കാര്യ സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു. ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസം, ശാക്തീകരണം, വികസനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ളതാണ് കോൺഫറൻസ്. നയതന്ത്ര പ്രതിനിധികൾ, വിദഗ്ധർ തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്.

==========================================================

**ബ്രേക്ക്......**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

==========================================================

**GOVERNOR – YOUTH PARLIAMENT**

ഐക്യത്തിലൂടെ മാത്രമേ വികസിത ഭാരതം സാധ്യമാവുകയുള്ളൂ എന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ അർലേക്കർ.
കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം, നെഹ്റു യുവ കേന്ദ്ര സംഘാതൻ എന്നിവയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന വികസിത് ഭാരത് യൂത്ത് പാർലമെൻറ് സംസ്ഥാനതല മത്സരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

==========================================================

**KERALA ASSEMBLY**

കേരളത്തിൽ അണക്കെട്ടുകളുടെ സമീപത്തുള്ള വീടുകൾക്ക് പെർമിറ്റ് നൽകുന്നതിനുള്ള മുൻ ഉത്തരവ് പിൻവലിച്ചതായി മന്ത്രി റോഷി അഗസ്റ്റിൻ. ഡാം സുരക്ഷ നിയമം നടപ്പാക്കിയപ്പോൾ വീടുകൾക്ക് പെർമിറ്റ് നമ്പർ ലഭിക്കുന്നില്ലെന്ന വിഷയം സഭ നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന ഉപക്ഷേപത്തിന് പ്രതിപക്ഷത്തിനു നിന്ന് മോൻസ് ജോസഫാണ് നോട്ടീസ് നൽകിയത്. ഉത്തരവ് പിൻവലിച്ചതായുള്ള മന്ത്രിയുടെ

പ്രഖ്യാപനത്തെ പ്രതിപക്ഷം സ്വാഗതം ചെയ്തു. 15 -ആം നിയമസഭയുടെ 13-ആം സമ്മേളനത്തിൻറെ അവസാന ദിനമായ ഇന്ന് 7 ബില്ലുകളാണ് സഭയുടെ പരിഗണനയ്ക്ക് വരുന്നത്.

==========================================================

**KERALA CM + RAJESH**

ഉത്സവകാലങ്ങളിൽ വിമാനക്കമ്പനികൾ വൻ തുക ടിക്കറ്റ് നിരക്കായി ഈടാക്കുന്ന വിഷയത്തിൽ കേന്ദ്ര സർക്കാരിൻറെ ഇടപെടൽ തേടുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വിമാന ടിക്കറ്റ് നിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച് വ്യോമയാനമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. ഭൂമി ലഭ്യതയിലെ കുറവാണ് കേരളത്തിലെ വ്യവസായ വികസന മേഖലയിലെ പ്രധാന വെല്ലുവിളിയെന്നും സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് പൊതു സൗകര്യം ഒരുക്കുന്നതിന് സഹായം ലഭ്യമാക്കുമെന്നും മന്ത്രി എം.ബി.രാജേഷ്. നിയമസഭയിൽ പറഞ്ഞു.

==========================================================

**ASSEMBLY – V N VASAVAN – (INTRO)**

സംസ്ഥാനത്തെ സഹകരണ മേഖലയുടെ വിശ്വാസ്യത കാത്തുസൂക്ഷിക്കാൻ നിരവധി നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് മന്ത്രി വി എൻ വാസവൻ. കരുവന്നൂർ ബാങ്കിലെ നിക്ഷേപകർക്ക് ഇതുവരെ 145.50 കോടി രൂപ മടക്കി നൽകിയതായി അദ്ദേഹം നിയമസഭയിൽ ശ്രീ രമേശ് ചെന്നിത്തലയുടെ ചോദ്യത്തിന് മറുപടിയായി അറിയിച്ചു.

(ഹോൾഡ് വോയ്സ്......)

==========================================================

**RS MEETING**

ഡൽഹി ഹൈക്കോടതി ജഡ്ജിയുടെ വസതിയിൽ നിന്നും പണം തിരിച്ചുപിടിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ സഭാ നേതാക്കളുടെ യോഗം വിളിച്ച് രാജ്യസഭാ അധ്യക്ഷൻ ജഗ്ദീപ്

ധൻകർ. വിഷയം പാർലമെന്റിന്റെ പരമാധികാരം, പ്രസക്തി എന്നിവയുമായി ബന്ധപ്പെട്ട വിഷയമാണെന്നും അദ്ദേഹം പറഞ്ഞു.

=================================================

## US – INDIA TALKS

വ്യാപാര ചർച്ചകൾക്കായി അമേരിക്കൻ പ്രതിനിധി സംഘം ഇന്ന് ഇന്ത്യയിലെത്തും. ഇന്ത്യ ഉൾപ്പെടെയുടെയുള്ള രാജ്യങ്ങൾക്ക് അമേരിക്കയ്ക്ക് ചുമത്തുന്ന അതേ നികുതി ഏർപ്പെടുത്തുമെന്ന പ്രസിഡൻറ് ഡോണൾഡ് ട്രംപിൻറെ പ്രഖ്യാപനത്തെ തുടർന്നാണ് ചർച്ചകൾക്കായി സംഘം ഇന്ത്യയിലെത്തുന്നത്. ഏപ്രിൽ രണ്ട് മുതൽ താരിഫ് നിലവിൽ വരുമെന്ന പ്രഖ്യാപനം ഇന്ത്യൻ വ്യവസായികൾക്കിടയിൽ ആശങ്കയുളവാക്കിയിരുന്നു.

=================================================

## EGYPT NEW GAZA CEASEFIRE DEAL

ഗസയിൽ സംഘർഷം തുടരുന്ന സാഹചര്യത്തിൽ ഇസ്രായേലും ഹമാസും തമ്മിലുള്ള വെടിനിർത്തൽ പുനഃസ്ഥാപിക്കാൻ, ഘട്ടം ഘട്ടമായി ബന്ദികളെ മോചിപ്പിക്കുന്നതിനുള്ള നിർദേശം മുന്നോട്ട് വച്ച് ഈജിപ്ത്. ഹമാസ് ഓരോ ആഴ്ചയും അഞ്ച് ഇസ്രായേലി ബന്ദികളെ മോചിപ്പിക്കണമെന്നും ശേഷം ഇസ്രായേൽ രണ്ടാം ഘട്ട വെടിനിർത്തൽ നടപ്പിലാക്കണമെന്നുമാണ് നിർദേശം. അമേരിക്കയും ഹമാസും നിർദ്ദേശത്തോട് യോജിച്ചെങ്കിലും ഇസ്രായേൽ ഇതുവരെ പ്രതികരിച്ചിട്ടില്ല.

=================================================

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് - പഞ്ചാബ് കിംഗ്സുമായി ഏറ്റുമുട്ടും. അഹമ്മദാബാദിൽ രാത്രി 7:30 നാണ് മത്സരം. ഇന്നലെ വിശാഖപട്ടണത്ത് നടന്ന ആവേശോജ്ജ്വലമായ പോരാട്ടത്തിൽ ഡൽഹി ക്യാപിറ്റൽസ് ലഖ്നൗ സൂപ്പർ ജയന്റ്സിനെ ഒരു വിക്കറ്റിന് പരാജയപ്പെടുത്തി.

=================================================

## AFC

AFC ഏഷ്യൻ കപ്പ് 2027 യോഗ്യതാ മത്സരത്തിന്റെ മൂന്നാം റൗണ്ടിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. വൈകുന്നേരം 7 മണിക്ക് ഷില്ലോങ്ങിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

====================================================

## PM - MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 30-ന്. പരിപാടിയുടെ 120-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശൻ്റെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും. ഹിന്ദി പ്രക്ഷേപണം കഴിഞ്ഞാലുടൻ പ്രാദേശിക ഭാഷകളിൽ 'മൻ കീ ബാത്' കേൾക്കാം. പരിപാടിയിലേക്കുള്ള ജനങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും ഈ മാസം 28 വരെ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പർ, Narendra Modi App, MyGov Open Forum എന്നിവയിലൂടെ അറിയിക്കാവുന്നതാണ്.

====================================================

## NHRC-TAMILNADU

തമിഴ്നാട്ടിലെ തിരുനെൽവേലി ജില്ലയിൽ നാലുപേരടങ്ങുന്ന ഒരു സംഘം പട്ടാപ്പകൽ വിരമിച്ച പോലീസ് സബ് ഇൻസ്പെക്ടറെ കൊലപ്പെടുത്തിയെന്ന മാധ്യമ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു. പ്രദേശത്തെ വഖഫ് ഭൂമി കൈയേറ്റത്തിനെതിരെ നിയമപരമായ കേസുകൾ പോരാടുന്ന ഒരു പ്രവർത്തകനായിരുന്നു ഇരയെന്നും ചില ആളുകളിൽ നിന്ന് വധഭീഷണി നേരിട്ടിരുന്നുവെന്നും റിപ്പോർട്ടുണ്ട്.

====================================================

## LAVROV INDIA-RUSSIA

ഇന്ത്യയുമായുള്ള റഷ്യയുടെ തന്ത്രപരമായ പങ്കാളിത്തം ഏറെ മുന്നോട്ടു പോയതായി റഷ്യൻ വിദേശകാര്യ മന്ത്രി സെർജി ലാവ്റോവ്. കൂടുതൽ ആഗോള രാജ്യങ്ങളുമായി ബന്ധം ശക്തമാക്കുന്നതിനാണ് റഷ്യ മുൻഗണന നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു. ചൈനയുമായുള്ള ബന്ധം ശക്തമായ വിശ്വാസത്തിലും പങ്കാളിത്തത്തിലും അധിഷ്ഠിതമാണെന്നും അതേസമയം ഇന്ത്യയുമായുള്ള തന്ത്രപരമായ പങ്കാളിത്തം വളർന്നുവരികയാണെന്നും ലാവ്റോവ് ഒരു പരിപാടിക്കിടെ വ്യക്തമാക്കി.

====================================================

## BCCI WOMEN CONTRACT

2024-25 സീസണിലേക്കുള്ള വനിതാ ക്രിക്കറ്റ് ടീമിന്റെ പുതുക്കിയ പട്ടിക ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് പ്രഖ്യാപിച്ചു. 2025 സെപ്റ്റംബർ 30 വരെയുള്ള സീസണിലേക്കാണ് ഈ പട്ടിക. ക്യാപ്റ്റൻ ഹർമൻപ്രീത് കൗർ, സ്മൃതി മന്ദാന, ദീപ്തി ശർമ്മ എന്നിവരെ എ ഗ്രേഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശ്രേയങ്ക പാട്ടീൽ, ടൈറ്റസ് സാധു, അരുന്ധതി റെഡ്ഡി, അമൻജോത് കൗർ, ഉമ ചേത്രി എന്നിവരാണ് ടീമിൽ ഇടം നേടിയ പുതുമുഖങ്ങൾ. അടുത്ത മാസം 27 ന് ആരംഭിക്കുന്ന ത്രിരാഷ്ട്ര ഏകദിന പരമ്പരയിൽ ഇന്ത്യൻ വനിതാ ടീം ശ്രീലങ്കയെയും ദക്ഷിണാഫ്രിക്കയെയും നേരിടും.

========================

====================================

====================================================